MR. EAPEN ARAKKAL : പ്രൈവറ്റ് കമ്പനികൾ നടത്തുന്ന സർവീസുകൾ ക്രമപ്രകാരമുള്ള സമയത്തിന് പുറപ്പെടാത്തതു നിമിത്തം യാത്രക്കാർക്ക് അസൗകര്യം നേരിടുന്നതായി ഗവണ്മെൻറിനറിയാമോ?

HON'BLE MR. K. R. ELANKATH : അങ്ങനെ ബോധ്യമായതിൻറെ ഫലമായി കഴിഞ്ഞ കന്നി മാസം മുതൽ ചെക്കിംഗ് ഏർപ്പെടുത്തിയിട്ടുണ്ട്. മേലാൽ ഇങ്ങനെയുള്ള പരാതികൾ ഉണ്ടാകുന്നതല്ല.

MR. K. A. MATHEW : പോലീസുകാരെയാണോ ചെക്കിംഗിനു അധികാരപ്പെടുത്തിയിരിക്കുന്നത്?

HON'BLE MR. K. R. ELANKATH : അതെ.

MR. K. A. MATHEW : അവരുടെ കൃത്യം അവർ ശരിക്കു നിർവഹിക്കുമെന്നു വിചാരിക്കത്തക്കവണ്ണം വല്ല ഉത്തരവും കൊടുത്തിട്ടുണ്ടോ ?

HON'BLE MR. K. R ELANKATH : അതു പോലീസുകാരെ സംബന്ധിക്കുന്ന പൊതുവെയുള്ള ഒരു ചോദ്യമാണ്.

MR. PONNARA G. SREEDHAR (*Nedumangad II—General*) : സർ, ഇവിടെ പല ചോദ്യങ്ങളും ചോദിച്ചതിനു മുപടിയായി, ഈ ചോദ്യം ഇവിടെ ഉദിക്കുന്നില്ല, അതു പൊതുവെയുള്ളതാണ്, നോട്ടീസുവേണം എന്നൊക്കെ മന്ത്രിമാർ പറയുന്നു. ഇങ്ങനെയുള്ള കാര്യങ്ങൾ തീർച്ചപ്പെടുത്തുന്നതിനുള്ള അധികാരം മിനിസ്റ്റർമാർക്കാണോ, ചെയറിനാണോ?

MR. PRESIDENT : അതിനുള്ള അധികാരം ചെയറിനാണ്.

പ്ലൈവുഡ് ഇൻഡസ്ട്രീസ്.

* 118. MR. WILSON PETER (*Shertala III—Latin Catholic*) : താഴെപ്പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട വ്യവസായവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ ?

ട്രാവൻകോർ പ്ലൈവുഡ് ഇൻഡസ്ട്രീസ് ഏതു ഡിപ്പാർട്ടുമെൻറിൻറെ കീഴിലാണ് പ്രവർത്തനം നടത്തുന്നത്?

HON'BLE MR. T. K. KARAYANA PILLAI : ട്രാവൻകോർ പ്ലൈവുഡ് ഇൻഡസ്ട്രീസ് ഒരു ഡിപ്പാർട്ടുമെൻറിൻറെ കീഴിലല്ല പ്രവർത്തനം നടത്തുന്നത്. അതിപ്പോൾ ഗവണ്മെൻറുവക ഒരു സ്വതന്ത്രസ്ഥാപനമാണ്. ഫാറസ്റ്റ് കൺസർവേറ്ററാണ് ഇപ്പോൾ അതിൻറെ ഭരണം നടത്തുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

MR. K. RAMACHANDRAN : ഇപ്പോഴത്തെ മാനേജർ കൺസർവേറ ന്റെ ഒരു അടുത്ത ബന്ധുവാണെന്ന ഗവണ്മെൻറിനറിയാമോ?

HON'BLE MR. T. K. NARAYANA PILLAI : ഗവണ്മെൻറ് അങ്ങനെ ഒരു സംഗതി ആദ്യമായിട്ടാണ കേൾക്കുന്നത്.

MR. K. RAMACHANDRAN : അദ്ദേഹത്തിന്റെ അനന്തിരവനാണെന്ന മെമ്പർ പറയുന്നതു ഗവണ്മെൻറ് വിശ്വസിക്കുമോ?

HON'BLE MR. T. K NARAYANA PILLAI : മെമ്പർ പറയുന്നതു തീർച്ച യായും ഗവണ്മെൻറ് വിശ്വസിക്കും.

MR. K. RAMACHANDRAN : അദ്ദേഹത്തെപ്പറ്റി ഗുരുതരമായ പല പരാതികളും ഗവണ്മെൻറിനു ലഭിച്ചിട്ടുള്ളതായി അറിയാമോ?

HON'BLE MR. T. K. NARAYANA PILLAI : മാനേജരെ സംബന്ധിച്ച ഗുരുതരമായ പരാതികൾ ലഭിച്ചിട്ടില്ലെന്നാണ് എന്റെ അറിവ്.

MR. K. RAMACHANDRAN : മുൻ മന്ത്രിയുടെ പരിശോധനാവേള യിൽ ഈ മാനേജരെപ്പറ്റിയുള്ള പരാതികളെക്കുറിച്ച അന്വേഷിക്കു ന്നതിനു വേണ്ട നടപടികൾ എടുക്കുന്നതാണെന്ന മുഖ്യമന്ത്രി അറിയി ച്ചിട്ടുണ്ട്. അങ്ങനെ വല്ല നടപടികളും എടുത്തിട്ടുണ്ടോ?

HON'BLE MR. T. K. NARAYANA PILLAI : Am I bound to answer that?

MR. PRESIDENT : No.

Primary Education Act.

* 119. MR PAUL THALIAT (*Parur Ill—General*) : Will the Honourable Minister for Education be pleased to state:

(*a*) the number of boys and girls in the karas of Kunnu, Vaili, Thekkaduvasseri and Vadakaduvasseri of Ayoor pakuthi in Parur taluk who are of Primary School going age according to the Primary Education Act which is enforced in these karas;

(*b*) the number of Government and denominational schools in that area;

(*c*) the number studying in the existing schools;

(*d*) the number that can be accommodated in these schools as per rules of the Education Code;

(*e*) whether any representation has been received from the public of those karas complaining about the inadequacy of accommodation in the existing Government school; and

(*f*) if the answer to (*e*) is in the affirmative, the nature of the action so far taken?

LIBRARY ARCHIVES Kerala Legislative Assembly